LIBRARY ARCHIVES Kerala Legislative Assembly

## എളേരിത്തട്ട് ഇ. കെ. നായനാർ സ്മാരക കോളേജിൽ ലൈബ്രറി, ഓഡിറ്റോറിയം നിർമ്മാണം

119 (1128) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെക്കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എളേരിത്തട്ട് ഇകെ. നായനാർ സ്മാരക കോളേജിൽ ലൈബ്രറി, ഓഡിറ്റോറിയം എന്നിവ നിർമ്മിക്കുന്നതിന് നേരത്തെ ലഭിച്ച ഭരണാനുമതി റിവൈസ് ചെയ്യുന്നതിന് തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

എളേരിത്തട്ട് ഇ.കെ. നായനാർ സ്മാരക കോളേജിൽ ലൈബ്രറി, ഓഡിറ്റോറിയം എന്നിവ NABARD-ന്റെ RIDF-XVII സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് 23-3-2012-ലെ സ.ഉ. (സാധാ) നം.584/2012/ഉ.വി.വ. പ്രകാരം 345 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഭരണാനുമതി റിവൈസ് ചെയ്യുന്നതുസംബന്ധിച്ച പ്രൊപ്പോസലുകൾ ഒന്നുംതന്നെ ഇതുവരെ സർക്കാരിന് ലഭിച്ചിട്ടില്ല.

## ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള സ്കോളർഷിപ്പ്

120 (1129) ശ്രീ. ഇ. പി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യശാസ്ത്രവിഷയങ്ങളിൽ ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള സ്കോളർഷിപ്പ് പദ്ധതിക്കായി 2012-13 സാമ്പത്തികവർഷം ആകെ എന്തു തുക വകയിരുത്തുകയുണ്ടായി ;

(ബി) പ്രസ്തുത സ്കോളർഷിപ്പ് നടപ്പു സാമ്പത്തികവർഷം എത്ര വിദ്യാർത്ഥികൾക്കു നൽകുകയുണ്ടായി ;

(സി) ഈയിനത്തിൽ എന്തു തുക ചെലവഴിച്ചു ;

(ഡി) എത്ര വിദ്യാർത്ഥികൾ സ്കോളർഷിപ്പിനായി അപേക്ഷ നൽകി ; എത്ര വിദ്യാർത്ഥികൾക്ക് ഇനിയും സ്കോളർഷിപ്പ് അനുവദിക്കുവാനുണ്ട് ; വിശദാംശം അറിയിക്കുമോ ?

### ഉത്തരം

(എ-ഡി) 2009-10 സാമ്പത്തിക വർഷം ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നൽകിവരുന്ന ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പിനർഹരായ 6 ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളിൽ 3 പേർ സാമൂഹിക ശാസ്ത്ര വിഷയങ്ങളിൽ നിന്നുള്ളവരായിരുന്നു. ഇവർ 2012-13 അദ്ധ്യയനവർഷത്തിൽ (ഒന്നാംവർഷ ബിരുദാനന്തര ബിരുദ പഠനം) സ്കോളർഷിപ്പിനർഹരാണ്. വകയിരുത്തിയ തുക: 40,000 X 3 = 1,20,000 രൂപയാണ്.